പതിമൂന്നാംകേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2868 20.06.2013 - ൽ മറുപടിക്ക്

## കെ.എസ്.ടി.പി. രണ്ടാംഘട്ട നിർമ്മാണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.പി.എ.മാധവൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കെ.എസ്.ടി.പി. രണ്ടാംഘട്ട നിർമ്മാണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; ഈ പദ്ധതിക്ക് ലഭിക്കുന്ന ധനസഹായങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) ഉണ്ട്. കെ.എസ്.റ്റി.പി.II പദ്ധതിയിൽപ്പെട്ട മൂന്നു റോഡുകളുടെ വികസന പ്രവർത്തനം 2013 ജൂൺ 1- ാം തീയതി ആരംഭിച്ചു. കാസറഗോഡ് - കാഞ്ഞങ്ങാട്, പിലാത്തറ – പാപ്പിനിശ്ശേരി, തലശ്ശേരി - വളവുപാറ എന്നീ റോഡുകളുടെ നിർമ്മാണം ആണ് തുടങ്ങിയത്. ലോക ബാങ്കിൽ നിന്ന് 1166 കോടി രൂപ ഈ പദ്ധതിക്ക് ധനസഹായമായി ലഭിക്കുന്നതാണ്. 2403 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന ഈ പദ്ധതിയുടെ ബാക്കി തുക സംസ്ഥാന സർക്കാർ വഹിക്കുന്നതാണ് |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ റോഡുകളും സമയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാൻ നടപടി എടുക്കുമോ; വിശദമാക്കുമോ; | (ബി) & (സി) | 362.90 കി.മീ. ദൈർഘ്യം വരുന്ന 6 റോഡുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ മൂന്നു റോഡുകളുടെ നിർമ്മാണം ആരംഭിച്ചു. ചെങ്ങന്നൂർ - ഏറ്റുമാനൂർ, ഏറ്റുമാനൂർ - മൂവാറ്റുപുഴ എന്നീ റോഡിന്റെ ടെണ്ടറുകൾ അംഗീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. തിരുവല്ലാ ബൈപ്പാസ് റോഡ്, പൊൻകുന്നം - തൊടുപുഴ റോഡ് എന്നിവയുടെ പ്രവൃത്തികൾ ജൂൺമാസം ടെണ്ടർ ചെയ്യുന്നതാണ്. പുനലൂർ - പൊൻകുന്നം റോഡ് പി.പി.പി. മോഡിൽ നിർമ്മിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. പെരുമ്പിലാവ് - പെരിന്തൽമണ്ണ റോഡിന്റെ അലൈൻമെന്റ് അംഗീകരിച്ച് ഭൂമി ഏറ്റെടുക്കൽ നടപടി ഉടനെ ആരംഭിക്കുന്നതാണ്. എല്ലാ പ്രവർത്തികളും സമയബന്ധിതമായി ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ